**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2294 | 12.03.2020 ലെ മറുപടിയ്ക്ക്.

## പട്ടികജാതിക്കാർക്കിടയിലെ സംരംഭകത്വപദ്ധതി

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി<br>„ ഒ. ആർ. കേളു<br>„ പി. ഉണ്ണി<br>ശ്രീമതി. വീണാ ജോർജ്ജ് | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതിക്കാർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് എന്ന പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി ജനവിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഉദ്ദേശലക്ഷ്യം |
| (സി) | പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | ഫലപ്രദമായ മാനേജ്മെന്റ് നിയന്ത്രണത്തിലുള്ള, കഴിഞ്ഞ ഒരു വർഷക്കാലമായി 60% ത്തിലധികം ഓഹരി ഉടമകൾ പട്ടികജാതി സംരംഭകരായിട്ടുള്ള കമ്പനികൾക്ക് ധനസഹായത്തിന് അർഹതയുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി സംരംഭകരെ തെരഞ്ഞെടുക്കുമ്പോൾ ഈ വിഭാഗത്തിൽപെട്ട സ്ത്രീ സംരംഭകർക്ക് മുൻഗണന നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | സ്ത്രീ സംരംഭകർക്ക് മുൻഗണന നൽകാൻ മാർഗ്ഗ രേഖയിൽ പ്രതിപാദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ